# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1187** 30.01.2018 ൽ മറുപടിക്ക്

## മൂന്നാറിലെ പൊതുമരാമത്ത് റെസ്റ്റ്ഹൗസ്

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മൂന്നാറിലെ പൊതുമരാമത്ത് റെസ്റ്റ് ഹൗസ് മെർമേഡ് എന്ന പേരിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേരള സർക്കാരും മലയാളം ഇൻഡസ്ട്രീസുമായുള്ള 27.12.2002 ലെ ഉടമ്പടി പ്രകാരം പൊതുമരാമത്ത് വകുപ്പ് ഉടമസ്ഥതയിലുള്ള മൂന്നാർ റസ്റ്റ് ഹൗസും അതുൾപ്പെടുന്ന ഏകദേശം 2 ഏക്കറോളം സ്ഥലവും 30 വർഷത്തേക്ക് ROMT വ്യവസ്ഥയിൽ മലയാളം ഇൻഡസ്ട്രീസ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി അവിടെ മെർമെയ്ഡ് എന്ന പേരിൽ ഒരു സ്ഥാപനം (ഹോട്ടൽ) പ്രവർത്തനം നടത്തുന്നുണ്ട്. കരാർ പ്രകാരം ടി റസ്റ്റ് ഹൗസിലെ മൂന്ന് മുറികളുടെ ബുക്കിങ്ങും, അനുവദിക്കലും ഇടുക്കി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇല്ലെങ്കിൽ മൂന്നാർ റെസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണമായും പൊതുമരാമത്ത വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) & (സി) മൂന്നാർ റസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കൊണ്ടു വരുന്നതിനായി ബഹു. ഹൈക്കോടതിയിൽ കേസ് നടന്നു വരികയാണ്. ഇതിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കാട്ടിയത് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി നേരിട്ട് കണ്ടു ബോധ്യപ്പെട്ടു. ബന്ധപ്പെട്ട അസിസ്റ്റന്റ് |

എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്ത് അന്വേഷിച്ച് വരികയാണ്. കൂടാതെ സ്വകാര്യ ഉടമ സർക്കാർ വക 3 മുറികൾ കൈയ്യേറിയതിനെതിരെ ക്രിമിനൽ കേസെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്ത ഈ പ്രവൃത്തി ഈ സർക്കാർ വന്നിട്ടും തുടർന്നത് മന്ത്രി ഇടപെട്ട് കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ താളം തെറ്റിയ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി തിരുത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**